പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1916 04.12.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. സർവ്വീസ് മുടങ്ങുന്നതായ പരാതി

ചോദ്യം

ശ്രീ.കെ.സി.ജോസഫ്

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.-യെ മാത്രം ആശ്രയിക്കുന്ന കണ്ണൂർ ജില്ലയിൽ ദേശസാൽകൃത റൂട്ടിലും ലാഭകരമായി സർവ്വീസ് നടത്തുന്ന മറ്റ് റൂട്ടുകളിലും വ്യാപകമായി സർവ്വീസ് മുടങ്ങുന്നതായ പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഒടുവള്ളിത്തട്ട്- കുടിയാൻമല ദേശസാൽകൃത റൂട്ടിൽ ആവശ്യാനുസരണം സർവ്വീസ് നടത്തുവാൻ കെ.എസ്.ആർ.ടി.സി.-ക്ക് സാധിക്കുന്നില്ലെങ്കിൽ ഈ റൂട്ടിൽ സ്വകാര്യബസ്സിന് സർവ്വീസ് നടത്തുവാൻ അനുമതി നൽകുമോ; | (ബി) | നിലവിൽ പ്രസ്തുത റൂട്ടിൽ കെ.എസ്.ആർ.ടി.സി ആവശ്യത്തിനനുസരിച്ച് സർവ്വീസുകൾ നടത്തി വരുന്നുണ്ട്. |
| (സി) | തളിപ്പറമ്പ്-താളിപ്പാറ- താബോർ, ഇരിട്ടി- ഉളിക്കൽ- അറബി- കോളിത്തട്ട് തുടങ്ങിയ റൂട്ടുകളിൽ മുടങ്ങാതെ സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) | പ്രസ്തുത റൂട്ടിൽ നിലവിൽ സർവ്വീസ് നടത്തി വരുന്നുണ്ട്. എന്നാൽ ചില ദിവസങ്ങളിൽ നാമമാത്രമായ സർവ്വീസുകൾ റദ്ദ് ചെയ്യേണ്ടതായി വന്നിട്ടുണ്ട്. യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ സർവ്വീസുകൾ ക്രമീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**